20/1/23

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം–695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 931(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.7405/SIC-Gen4/2022**

**(ഉത്തരവുകൾ sic.kerala.gov.in –ൽ ലഭ്യമാണ്)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2023 ജനുവരി 19**

| | |
|---|---|
| ശ്രീ. യൂനുസ് റ്റി.ബി.,<br>തസ്നിം മൻസിൽ,<br>പൂച്ചാക്കൽ പി.ഒ.,<br>ചേർത്തല, ആലപ്പുഴ – 688 526. | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>വില്ലേജ് ഓഫീസർ,<br>പാണാവള്ളി വില്ലേജ് ഓഫീസ്,<br>പാണാവള്ളി പി.ഒ., ആലപ്പുഴ.<br>2. അപ്പീൽ അധികാരി &<br>തഹസിൽദാർ (ഭൂരേഖ),<br>താലൂക്ക് ഓഫീസ്, ചേർത്തല,<br>ആലപ്പുഴ.<br>3. ശ്രീ. ടി.എ. ഹാരിസ്,<br>ജൂനിയർ സൂപ്രണ്ട് (ഇൻസ്പെക്ഷൻ),<br>കളക്ടറേറ്റ്, ഇടുക്കി.<br>4. ശ്രീ. ജോൺസൺ വി.ജെ.,<br>ക്ലാർക്ക്,<br>സ്പെഷ്യൽ തഹസിൽദാർ ഓഫീസ്,<br>ദേശീയപാത സ്ഥലമെടുപ്പ് വിഭാഗം,<br>ചേർത്തല, ആലപ്പുഴ. | എതിർകക്ഷികൾ |

**അന്തിമ ഉത്തരവ്**

മേൽ അപ്പീൽ ഹർജിയിൽ 17.9.2022–ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ, പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയും ഇപ്പോൾ ഇടുക്കി കളക്ടറേറ്റിൽ ജോലി നോക്കി വരുന്നതുമായ ശ്രീ. ടി.എ. ഹാരിസിനെയും വില്ലേജ്

അസിസ്റ്റന്റായിരുന്നതും ഇപ്പോൾ ദേശീയപാത സ്ഥലമെടുപ്പ് വിഭാഗം, ചേർത്തലയിൽ ജോലി നോക്കി വരുന്നതുമായ ശ്രീ. വി.ജെ. ജോൺസനെതിരെയും ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുകയും വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ടി.എ. ഹാരിസ് സമർപ്പിച്ച വിശദീകരണത്തിൽ പ്രസ്താവിച്ചത്, സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് 22.1.2022–ന് ടി ഓഫീസിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതാണെന്നും വളരെ സങ്കീർണ്ണമായ വിവരങ്ങൾ ആവശ്യപ്പെട്ട് ഹർജിക്കാരൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയ്ക്ക് മറുപടി തയ്യാറാക്കുന്നതിലേക്ക് ടി വില്ലേജ് ഓഫീസിലെ വില്ലേജ് അസിസ്റ്റന്റായ ശ്രീ. ജോൺസൺ എന്ന ഉദ്യോഗസ്ഥനെ അപേക്ഷ കിട്ടിയ ഉടനെ തന്നെ രേഖാമൂലം ചുമതലപ്പെടുത്തി അപേക്ഷകന്റെ സാന്നിദ്ധ്യത്തിൽ തന്നെ ഏൽപ്പിച്ചിട്ടുള്ളതാണെന്നുമാണ്. ഈ സാഹചര്യത്തിൽ വിവരാവകാശ നിയമപ്രകാരം അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിന്മേൽ പരാമർശിക്കുന്നതു പ്രകാരമുള്ള വീഴ്ച അപേക്ഷ സമർപ്പിക്കപ്പെട്ട 11.01.22 മുതൽ 22.01.22 വരെ എസ്.പി.ഐ.ഒ ആയിരുന്ന ടിയാനിൽ നിന്ന് ഉണ്ടായിട്ടില്ല എന്നതിനാലും ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവ് പ്രകാരം വിവരം നൽകുന്നതിന് നിർദ്ദേശിക്കപ്പെട്ട കാലയളവിൽ ടിയാൻ ടി ഓഫീസിൽ എസ്.പി.ഐ.ഒ അല്ലായിരുന്നു എന്നതിനാലും അപ്പീൽ അധികാരിയുടെ നിർദ്ദേശം പാലിക്കാത്തതും പൂർണ്ണതയില്ലാത്ത വിവരം നൽകിയ എസ്.പി.ഐ.ഒ യ്ക്കെതിരെ നടപടി സ്വീകരിക്കണമെന്ന ഹർജിക്കാരന്റെ അപേക്ഷയിൽ ടി കാലയളവിൽ ടിയാൻ എസ്.പി.ഐ.ഒ അല്ലാത്തതിനാലും ടിയാനെ ശിക്ഷാ നടപടിയിൽ നിന്ന് ഒഴിവാക്കണമെന്നുമാണ്. ശ്രീ. ജോൺസൺ വി.ജെ. സമർപ്പിച്ച വിശദീകരണത്തിൽ പ്രസ്താവിച്ചത്, വിവരാവകാശ നിയമ പ്രകാരം ഹർജിക്കാരനിൽ നിന്നുള്ള അപേക്ഷ ടിയാന്റെ കൈവശം ലഭിച്ച ഉടൻ ആയതിന്മേൽ നടപടി സ്വീകരിക്കുന്നതിനും വിവരങ്ങൾ ലഭ്യമാക്കുന്നതിനും നടപടി ആരംഭിച്ചിരുന്നതും എന്നാൽ വളരെയധികം രേഖകൾ പരിശോധിക്കേണ്ടി വന്നതിനാലും ആയവ പഴയ ഓഫീസിൽ നിന്നും കണ്ടെത്തുന്നതിന് കൂടുതൽ സമയം വേണ്ടി വന്നതിനാലുമാണ് യഥാസമയം മറുപടി നൽകുന്നതിന് സാധിക്കാതെ വന്നിട്ടുള്ളതെന്നും തണ്ണീർത്തട നിയമ പ്രകാരമുള്ള അപേക്ഷകൾ അടിയന്തിരമായി തീർപ്പാക്കണമെന്ന സർക്കാർ നയത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ ഏറ്റവും കൂടുതൽ അപേക്ഷ ലഭിച്ചിട്ടുള്ള പാണാവള്ളി വില്ലേജിൽ അധിക സ്റ്റാഫിന്റെ ലഭ്യതയില്ലാതെ തന്നെ ഫീൽഡ് പരിശോധന നടത്തി സ്കെച്ചും മഹസ്സറും സഹിതം റിപ്പോർട്ട് തയ്യാറാക്കി നൽകണമെന്ന നിർദ്ദേശ പ്രകാരം പ്രവർത്തിക്കേണ്ടി വന്നതുമൂലം വിവരാവകാശ അപേക്ഷയിൽ മറുപടി തയ്യാറാക്കുന്ന പ്രവർത്തി മുടങ്ങിപ്പോവുകയാണുണ്ടായിട്ടുള്ളതെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ

പൂർണ്ണമായി പെട്ടെന്ന് നൽകാമെന്ന ഉദ്ദേശത്തിലാണ് ഇടക്കാല മറുപടി നൽകാതിരുന്നതെന്നും ഹർജിക്കാരൻ മുമ്പ് സമർപ്പിച്ചിട്ടുള്ള അനേകം വിവരാവകാശ അപേക്ഷകൾക്ക് കൃത്യമായി മറുപടി നൽകിയിട്ടുള്ളതാണെന്നും ഈ സാഹചര്യത്തിൽ വിവരാവകാശ നിയമപ്രകാരം അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിന്മേൽ പരാമർശിക്കുന്നതു പ്രകാരം മറുപടി നൽകുന്നതിനുണ്ടായ മനപൂർവ്വമല്ലാതെയുണ്ടായ കാലതാമസം മാപ്പാക്കണമെന്നും ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവ് പ്രകാരം വിവരം നൽകുന്നതിന് നിർദ്ദേശിക്കപ്പെട്ട കാലയളവിൽ ടി ഓഫീസിൽ ജോലിയിൽ ഇല്ലായിരുന്നു എന്നതിനാലും മുമ്പ് ലഭിച്ചിട്ടുള്ള വളരെ സങ്കീർണ്ണമായ അപേക്ഷകളിൽ പോലും രേഖകൾ തിരഞ്ഞ് കണ്ടെത്തി മറുപടി നൽകിയിട്ടുണ്ട് എന്നതും പരിഗണിച്ച് ടിയാനെ ശിക്ഷാ നടപടിയിൽ നിന്ന് ഒഴിവാക്കണമെന്നുമാണ്.

2. എതിർകക്ഷികളായ ശ്രീ. ജോൺസൺ വി.ജെ. യും ശ്രീ. ടി.എ. ഹാരിസും സമർപ്പിച്ച വിശദീകരണത്തിന്റേയും ടിയാൻമാരെ നേരിൽ കേട്ടതിന്റേയും അടിസ്ഥാനത്തിൽ പരാമർശിത കാലയളവിൽ വില്ലേജ് അസിസ്റ്റന്റായിരുന്ന ശ്രീ. വി.ജെ. ജോൺസൺ ആണ് കാലതാമസം വരുത്തിയിരുന്നതെന്ന് വ്യക്തമാണ്. പരാമർശിത കാലയളവിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസറായ ശ്രീ. ഹാരിസ് വിവരാവകാശ അപേക്ഷ സ്വീകരിച്ച് 10 ദിവസം മാത്രമേ ഓഫീസിൽ ഉണ്ടായിരുന്നുള്ളു എന്നും ടിയാൻ പരാതിക്കാരന് മറുപടി നൽകുന്നതിന് ഉത്തരവാദി അല്ല എന്നും കമ്മീഷന് ബോധ്യപ്പെടുകയുണ്ടായി. മറുപടി വൈകിയതിനു കാരണം അധിക ജോലി ഭാരം എന്ന ശ്രീ. വി.ജെ. ജോൺസന്റെ പ്രസ്താവന ഒഴിവുകഴിവ് മാത്രമാണ്. സെക്ഷൻ ക്ലാർക്കായ ശ്രീ. ജോൺസൺ പുതുതായി ചാർജ്ജെടുത്ത എസ്.പി.ഐ.ഒയുടെ ശ്രദ്ധയിൽ വിവരാവകാശ അപേക്ഷ സംബന്ധിച്ച വിവരം കൊണ്ടുവരേണ്ടതായിരുന്നു. എന്നാൽ കൃത്യമായി ടി വിവരം ടിയാൻ അറിയിക്കാത്തതുകൊണ്ടാണ് പരാതിക്കാരന് മറുപടി നൽകുന്നതിൽ കാലതാമസം നേരിട്ടതെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ ശ്രീ. വി.ജെ. ജോൺസന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയ്ക്ക് പിഴ സംഖ്യയായി ടോക്കൺ തുകയായ 1000/- രൂപ (ആയിരം രൂപാ മാത്രം) ഈടാക്കാൻ കമ്മീഷൻ തീരുമാനിക്കുന്നു. ടി പിഴ സംഖ്യ "0070-60-118-99-Receipts under the Right to Information Act, 2005" എന്ന ശീർഷകത്തിൽ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ 31.1.2023-നകം രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടി പിഴ സംഖ്യ ഒടുക്കിയില്ലെങ്കിൽ ടി തുക ടിയാളുടെ ശമ്പളത്തിൽ നിന്നും വസൂലാക്കി മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി ഒടുക്കുന്ന കാര്യം ഓഫീസ് മേധാവി

ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ കമ്മീഷൻ ഈടാക്കുന്നതാണ്. അതോടൊപ്പം ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ അങ്ങേയറ്റം ശ്രദ്ധയും ജാഗ്രതയും പുലർത്താനും ടിയാനോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

3. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 ജനുവരി 19 –ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk